LIBRARY ARCHIVES Kerala Legislative Assembly

യു.ഐ.ഡി.എസ്.എസ്.എം.റ്റി. പദ്ധതി

87 (3371) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യു. ഐ. ഡി. എസ്. എസ്. എം. റ്റി. പദ്ധതിയിൽ ഏതെല്ലാം ശുദ്ധജല വിതരണപദ്ധതികൾക്കാണ് ഫണ്ട് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഓരോ നഗരസഭയ്ക്കും നല്കിയ ഫണ്ട് എത്രയെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പദ്ധതികളുടെ നിലവിലെ അവസ്ഥ വിശദമാക്കുമോ ?

ഉത്തരം

(എ&ബി) യു.ഐ.ഡി.എസ്.എസ്.എം.റ്റി. പദ്ധതി പ്രകാരം 13 നഗരസഭകളുടെ ശുദ്ധജല വിതരണ പദ്ധതികൾക്കായി ഫണ്ട് അനുവദിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(സി) വിശദാംശം അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

ജെ.എൻ.എൻ.യു.ആർ.എം. പദ്ധതി

88(3372) ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജെ.എൻ.എൻ.യു.ആർ.എം. പദ്ധതിയിൽപ്പെടുത്തി നടപ്പിലാക്കി വരുന്ന കൊച്ചി ശുദ്ധജല പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കുമോ ;

(ബി) പൂർത്തിയായിട്ടില്ലെങ്കിൽ എന്നേക്ക് പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ;

(സി) പദ്ധതിക്കായി ഇതിനകം എത്ര രൂപ ചെലവഴിച്ചിട്ടുണ്ട് ?

ഉത്തരം

(എ) മുഴുവൻ പ്രവർത്തനങ്ങളും പൂർത്തിയായിട്ടില്ല. പദ്ധതിയുടെ ഭാഗമായ ശുദ്ധീകരണശാലയുടെ പണികൾ, കിണർ, റോവാട്ടർ പമ്പിംഗ് മെയിൻ, ട്രാൻസ്മിഷൻ മെയിൻ, കുമ്പളങ്ങിയിൽ സ്ഥാപിക്കുന്ന ഓവർഹെഡ് വാട്ടർടാങ്ക്, എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. ചെല്ലാനത്തും മരടിലും സ്ഥാപിക്കുന്ന ഓവർഹെഡ് വാട്ടർടാങ്കിന്റെ പണികളും വിതരണശൃംഖലയുടെ പണികളും പൂർത്തിയാകാനുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) 2015 ജനുവരിയോടുകൂടി പദ്ധതി കമ്മീഷൻ ചെയ്യാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(സി) 199.37 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

നഗരദരിദ്രരുടെ/നഗരചേരികളുടെ കണക്ക്

89(3373) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെകാണുന്ന ചോദ്യത്തിന് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തെ നഗരദരിദ്രരുടെ/നഗരചേരികളുടെ വസ്തുനിഷ്ഠമായ വിവരങ്ങൾ ലഭ്യമാണോ ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

രാജീവ് ആവാസ് യോജന പദ്ധതി നിലവിൽ വരുന്നതുവരെ സംസ്ഥാനത്തെ നഗരചേരികളെപ്പറ്റിയുള്ള സമഗ്രവിവരങ്ങൾ ലഭ്യമായിരുന്നില്ല. എന്നാൽ തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട് എന്നീ കോർപ്പറേഷനുകളിലും കണ്ണൂർ മുനിസിപ്പാലിറ്റിയിലുമായി തെരഞ്ഞെടുക്കപ്പെട്ട 650 ഓളം ചേരികളുടെ സമഗ്രവിവരങ്ങൾ ചേരികളിൽ നടത്തപ്പെട്ട സാമൂഹിക സാമ്പത്തിക വിവര ശേഖരണത്തിന്റെ അടിസ്ഥാനത്തിൽ ലഭ്യമാണ്.

ബസ് സ്റ്റാന്റ് നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമാക്കാൻ നടപടി

90(3374) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെകാണുന്ന ചോദ്യത്തിന് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ് ജില്ലയിലെ നീലേശ്വരം മുനിസിപ്പാലിറ്റിക്ക് ബസ് സ്റ്റാന്റ് നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമാക്കാൻ നഗരകാര്യ വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ ?

ഉത്തരം

നീലേശ്വരം നഗരസഭ ചെയർപേഴ്സന്റെ 18-12-2011-ലെ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ, നീലേശ്വരം നഗരസഭയുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി നീലേശ്വരത്തെ കരുവാച്ചേരിയിൽ കേരള കാർഷിക സർവ്വകാശാലയുടെ കൈവശമുള്ള വസ്തുവിൽനിന്ന് 2 ഏക്കർ വസ്തു 9-11-2012-ലെ സർക്കാർ ഉത്തരവ് നമ്പർ സ.ഉ. (സാധാ.) 2202/12/കൃഷി. പ്രകാരം അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly